# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1768      10-02-2020 ൽ   മറുപടിയ്ക്ക്

### ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിലെ നിയമനങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.ഐ.സി.ബാലകൃഷ്ണൻ | | ശ്രീ. കെ.ടി. ജലീൽ<br>(ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |
| (എ) | ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണ്; | (എ) | കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ 'റിക്രൂട്ട്മെന്റ് റൂൾസ്' പുറപ്പെടുവിച്ചിട്ടില്ലാത്തതിനാൽ നിയമനങ്ങൾ പി.എസ്.സി ക്ക് വിട്ടിട്ടില്ല. |
| (ബി) | നിലവിൽ പ്രസ്തുത കോർപ്പറേഷനിൽ എത്ര ജീവനക്കാരുണ്ട്; അതിൽ ഡെപ്യൂട്ടേഷൻ, കരാർ നിയമനം, ദിവസ വേതനം എന്നീ രീതിയിൽ എത്രപേരെ നിയമിച്ചിട്ടുണ്ട്; പ്രത്യേകം പ്രത്യേകം വിശദമാക്കാമോ; | (ബി) | നിലവിൽ കോർപ്പറേഷനിൽ 27 ജീവനക്കാരുണ്ട്. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.<br><br>പുനർ നിയമനം — 1<br>ഡെപ്യൂട്ടേഷൻ — 2<br>കരാർ — 15<br>ദിവസ വേതനം — 9 |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത കോർപ്പറേഷൻ കരാർ അടിസ്ഥാനത്തിലുംദിവസവേതനാടിസ്ഥാനത്തിലും എത്ര പേരെ നിയമിച്ചു; | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽ കരാർ, ദിവസ വേതനാടിസ്ഥാനത്തിൽ 39 പേരെ പല അവസരങ്ങളിലായി നിയമിച്ചിട്ടുണ്ട്.ഇതിൽ 15 പേരുടെ സേവനം അവസാനിക്കുകയോ പിരിഞ്ഞു പോവുകയോ ചെയ്തതിനാൽ 24 പേര് മാത്രമാണ് നിലവിലുള്ളത്. അതിൽ കരാർ അടിസ്ഥാനത്തിൽ 15 പേരെയും ദിവസ വേതനാടിസ്ഥാനത്തിൽ 9 പേരെയുമാണ് നിയമിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത നിയമനങ്ങൾ നടത്തിയത് ഏത് രീതിയിലായിരുന്നെന്ന് വ്യക്തമാക്കാമോ; | (ഡി) | അംഗീകൃത ഒഴിവുകളിൽ അപേക്ഷ ക്ഷണിച്ച് കൊണ്ട് പത്രത്തിൽ പരസ്യം നൽകി, കൂടിക്കാഴ്ച നടത്തി, റാങ്ക് ലിസ്റ്റ് തയ്യാറാക്കി യാണ് നിയമനങ്ങൾ നടത്തിയത്. |
| (ഇ) | പ്രസ്തുത കോർപ്പറേഷനിലെ സ്പെഷ്യൽ റൂൾസ് അടിയന്തരമായി തയ്യാറാക്കി നിയമനങ്ങൾ പി.എസ്.സി. വഴിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ ? | (ഇ) | നടപടി സ്വീകരിച്ച് വരുന്നു. |

**സെക്ഷൻ ഓഫീസർ**